**ചേലക്കര സർക്കാർ പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കാൻ നടപടി**

40 [1870] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര പോളിടെക്നിക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ടു കൊണ്ടുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) 2005-2006 വർഷംതന്നെ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റ് അനുസരിച്ചുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഇ) ഈ ആവശ്യത്തിലേക്കായി 2004-2005 ബഡ്ജറ്റിൽ തുക വകയിരുത്തിയതിന്റെ വിശദാംശങ്ങൾ പറയാമോ;

(എഫ്) ഈ സ്ഥാപനത്തിന്റെ നിലവിലുള്ള അംഗീകാരം റദ്ദാക്കാതിരിക്കാൻ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുവാൻ ഈ വർഷംതന്നെ ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

*ഉത്തരം*

(എ) ചേലക്കര ഗവൺമെന്റ് പോളിടെക്നിക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും ആവശ്യപ്പെട്ടുകൊണ്ടുള്ള ഫയൽ 2004-ൽ വന്നിട്ടുണ്ട്.

(ബി) 2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനും 2005-2006-ലെ ബഡ്ജറ്റിൽ ഭരണാനുമതിക്കാവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നിർദ്ദേശം സമർപ്പിക്കുവാനും ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 2005-2006 ബഡ്ജറ്റിൽ ചേലക്കര പോളിടെക്നിക് കെട്ടിട നിർമ്മാണത്തിനായി 24,30,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പണിയുടെ ആരംഭഘട്ടത്തിൽത്തന്നെ മുഴുവൻ ഫണ്ടും അനുവദിക്കേണ്ട ആവശ്യമില്ല. അതിനാൽ എസ്റ്റിമേറ്റ് തുകയ്ക്ക് തുല്യമായ വിഹിതം വകയിരുത്തിയിട്ടില്ല. ബഡ്ജറ്റ് വിഹിതം നിശ്ചയിക്കുന്ന സമയത്ത് ഈ പണിക്ക് ഭരണാനുമതി ലഭിച്ചിരുന്നുമില്ല.

(ഇ) 2004-2005 ബഡ്ജറ്റിൽ ടി ആവശ്യത്തിനായി 40,000 രൂപ വകയിരുത്തിയിരുന്നു.

(എഫ്) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly